# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1855 11.02.2013 - ൽ മറുപടിയ്ക്ക്

**'ശ്രുതി തരംഗം' പദ്ധതി**

ചോദ്യം

ശ്രീ. പി. കെ. ബഷീർ

ഉത്തരം

**ഡോ. എം.കെ. മുനീർ**
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയാ പദ്ധതിയായ 'ശ്രുതി തരംഗം' പദ്ധതിയിൽ അർഹരായ എല്ലാ കുട്ടികളെയും പ്രായപരിധിയില്ലാതെ ഉൾപ്പെടുത്തുമെന്ന് ബഹു. മുഖ്യന്ത്രി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതു നടപ്പാക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ വിജയകരമായി ഓപ്പറേഷൻ നടത്താൻ സാധിക്കുമെന്ന് ഡോക്ടർമാർ നിർദ്ദേശിക്കുന്ന കുട്ടികളുടെ പ്രായപരിധി ബാധകമാക്കാതെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിക്കുകയും ഇക്കാര്യം കൂടി പരിഗണിച്ചശേഷം ടി പദ്ധതിക്ക് പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം, കേസ് അടിസ്ഥാനമാക്കി അഞ്ച് വയസ്സ് പ്രായമുള്ള കുട്ടികൾക്കു വരെ പദ്ധതിയുടെ നിബന്ധനകൾക്കു വിധേയമായി ടി സർജറി നടത്താവുന്നതാണ്. ഇതു നടപ്പാക്കാത്തതിനെ കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | ഇതിലേക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.<br>1. 0-3 വയസ്സുവരെ പ്രായമുള്ള കുട്ടികളായിരിക്കണം. എന്നാൽ ഉയർന്ന വിജയസാദ്ധ്യതയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ഇളവനുവദിക്കാനുള്ള പ്രത്യേക സാങ്കേതിക കാരണങ്ങളാലോ 5 വയസ്സുവരെയുള്ള കുട്ടികളെയും പരിഗണിക്കും.<br><br>2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപവരെ മാത്രമെ പാടുള്ളൂ.<br><br>3. കേരളത്തിൽ സ്ഥിരതാമസമുള്ള കുട്ടികളായിരിക്കണം |

| | | | |
|---|---|---|---|
| | | | 4. ശ്രുതിതരംഗം പദ്ധതിക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കോക്ലിയർ ഇംപ്ലാന്റേഷന് ശുപാർശ ചെയ്തവരായിരിക്കണം. കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.<br><br>5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നൽക്കുന്ന തുടർ ചികിത്സയായ ആഡിയോ വെർബൽ ഹാബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.<br><br>6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 100/- രൂപ മുദ്രപത്രത്തിൽ നൽകണം. |

R. Vijayan (signature)

സെക്ഷൻ ഓഫീസർ